2024
MARCH
20
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# അരുണാചൽ പ്രദേശ് ചൈനയുടെ ഭാഗമെന്ന വാദം വീണ്ടുമുയർത്തി ചൈന, അസംബന്ധമെന്ന് ഇന്ത്യ

**ന്യൂഡൽഹി:**അരുണാചൽ പ്രദേശ് ചൈനയുടെ ഭാഗമാണെന്ന ചൈനീസ് അവകാശവാദത്തെ അസംബന്ധമെന്ന് വിശേഷിപ്പിച്ച് ഇന്ത്യ. അരുണാചൽ പ്രദേശ് ഇന്ത്യയുടെ ഭാഗമായിരുന്നുവെന്നും ഇനിയും അതങ്ങനെ തന്നെ തുടരുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ പറഞ്ഞു.

ഈ മാസം ഇത് രണ്ടാംതവണയാണ് അരുണാചൽ പ്രദേശിനെ കുറിച്ച് ചൈന അവകാശവാദം ഉയർത്തുന്നത്. ഇത്തവണ മോദിയുടെ അരുണാചൽ സന്ദർശനത്തിനു തൊട്ടുപിന്നാലെയാണു പ്രസ്താവനയുമായി ചൈന എത്തിയത്.



"ഇന്ത്യൻ സംസ്ഥാനമായ അരുണാചൽ പ്രദേശിനെ കുറിച്ച് ചൈനീസ് പ്രതിരോധ മന്ത്രാലയത്തിന്റെ വക്താവ് അസംബന്ധ അവകാശവാദങ്ങൾ ഉയർത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അരുണാചൽ പ്രദേശ് എന്നും ഇന്ത്യയുടെ അവിഭാജ്യഭാഗമായിരുന്നു, ആണ്, അതങ്ങനെ തുടരുകയും ചെയ്യും." ജയ്സ്വാൾ പറഞ്ഞു.

ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് ചൈനയുടെ അവകാശവാദങ്ങൾക്കു യാതൊരു സാധുതയും കൈവരാൻ പോകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. വികസന പരിപാടികളുടെയും അടിസ്ഥാന വികസന പദ്ധതികളുടെയും പ്രയോജനം അരുണാചലിന് തുടർന്നും ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അരുണാചൽ പ്രദേശിനെ സൻഗ്നാൻ എന്നാണ് ചൈന നാമകരണം ചെയ്തിരിക്കുന്നത്. സൻഗ്നാന് പകരം ഇന്ത്യ അനധികൃതമായി ഉയർത്തിക്കൊണ്ടുവന്ന അരുണാചൽ പ്രദേശിനെ അംഗീകരിക്കാനാകില്ലെന്നും ബെയ്ജിങ് അതിനെ ശക്തമായി എതിർക്കുന്നുവെന്നും ചൈന പറഞ്ഞു. അരുണാചൽ പ്രദേശിൽ ഇന്ത്യൻ രാഷ്ട്രീയ നേതാക്കൾ സന്ദർശനം നടത്തുന്നതിനെ എന്നും ചൈന എതിർത്തിരുന്നു.

അരുണാചലിലെ ചൈനാ അതിർത്തിക്കു സമീപം നിർമിച്ച സെലാ തുരങ്ക പാത മാർച്ച് ഒൻപതിനാണു പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. 825 കോടി രൂപ ചെലവിട്ടു നിർമിച്ച, ഏതു കാലാവസ്ഥയിലും ഗതാഗതം സുഗമമാക്കുന്ന ഈ പാതയുടെ വരവിനെ ചൈന എതിർത്തിരുന്നു. നിലവിലുള്ള അതിർത്തി പ്രശ്നങ്ങൾ രൂക്ഷമാക്കാൻ മാത്രമേ ഇന്ത്യയുടെ നടപടി ഉപകരിക്കൂവെന്നാണ് ചൈന കുറ്റപ്പെടുത്തിയത്.

## ലോക്സഭാ തെരഞ്ഞെടുപ്പ്; കള്ളപ്പണമിടപാടുകൾ തടയാൻ കൺട്രോൾ റൂം തുറന്ന് ആദായ നികുതി വകുപ്പ്




**കൊച്ചി:** ലോക്സഭാ തെരഞ്ഞെടുപ്പിൽ കള്ളപ്പണമിടപാടും കണക്കിൽപ്പെടാത്ത പണത്തിൻറെ വിനിയോഗവും ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്താൻ കർശന നിരീക്ഷണവുമായി ആദായ നികുതി വകുപ്പ്. കേരളത്തിലുടനീളം 150ലേറെ ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്ന് ഇൻകം ടാക്സ് ഡയറക്ടർ ജനറൽ ദേബ്ജ്യോതിദാസ് കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കൊച്ചിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ: 1800 425 3173. ഇ മെയിൽ വിലാസം: സല്യമഹമ.ലഹലരശേീ2024@ശിരീാലമേ.ഴീ.ശി. വാട്!സ് ആപ്പ് നമ്പർ 8714936111.

കണക്കിൽപ്പെടാത്ത പണമോ വിലപിടിപ്പുള്ള വസ്തുക്കളോ കൈവശം വയ്ക്കുന്നതോ കടത്തിക്കൊണ്ടു പോകുന്നതോ ആയ വിവരങ്ങൾ പൊതുജനങ്ങൾക്ക് ആദായനികുതി വകുപ്പുമായി പങ്കുവയ്ക്കാം. ജില്ലാ തലത്തിൽ ക്വിക്ക് റിയാക്ഷൻ ടീമിന് രൂപം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ കേന്ദ്രീകരിച്ചും അതിർത്തി ജില്ലകൾ കേന്ദ്രീകരിച്ചും നിരീക്ഷണം ശക്തമാക്കും. പൊതുജനങ്ങൾക്ക് പണം കൈവശം വയ്ക്കാൻ പരിധിയില്ലെങ്കിലും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ ഉറവിടം വ്യക്തമാക്കേണ്ടി വരും. സംശയകരമായ ബാങ്ക് ഇടപാടുകളും പരിശോധിക്കപ്പെടുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ ഓഫ് ഇൻകം ടാക്സ് ഇൻവെസ്റ്റിഗേഷൻ ഡോ. ഗുൽഷൻ രാജ്, അഡീഷണൽ ഡയറക്ടർ ആർ. രാജേഷ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## പെഴ്സണൽ ലോണിൽ വർധന; ബാങ്കിങ്ങിൽ പ്രതിസന്ധി

**കൊച്ചി:** സാമ്പത്തിക മേഖലയിലെ മികച്ച മുന്നേറ്റത്തെ തുടർന്ന് വ്യക്തിഗത വായ്പകളുടെ വിതരണം കുത്തനെ കൂടുന്നതിനാൽ ബാങ്കിങ് മേഖല പ്രതിസന്ധി നേരിടുന്നു. ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും വ്യക്തിഗത വായ്പകളുടെ വിതരണത്തിലെ വർധന കണക്കിലെടുത്ത് റിസർവ് ബാങ്ക് ശക്തമായ കരുതൽ നടപടികൾ ആരംഭിച്ചു.




3 വർഷത്തിനിടെ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും വ്യക്തിഗത വായ്പാ വിതരണം മൂന്ന് ഇരട്ടി വർധിച്ച് 51.7 ലക്ഷം കോടി രൂപയിലെത്തി. കഴിഞ്ഞ ഒരു വർഷത്തിനിടെ രാജ്യത്തെ ബാങ്കുകളുടെ മൊത്തം വായ്പകളുടെ മുപ്പത് ശതമാനത്തിലധികം പേഴ്സണൽ വായ്പകളാണ്. 2017 മാർച്ചിൽ വ്യക്തിഗത വായ്പകളുടെ വിഹിതം 21.5 ശതമാനമായിരുന്നു.

തിരിച്ചടവ് മുടങ്ങിയാൽ പണം തിരികെ ലഭിക്കാൻ സാധ്യത കുറവുള്ളതാണ് വ്യക്തിഗത വായ്പകളെന്നതിനാൽ ബാങ്കുകൾക്ക് വലിയ വെല്ലുവിളിയാണ് പുതിയ സാഹചര്യം സൃഷ്ടിക്കുന്നതെന്ന് ഈ രംഗത്തുള്ളവർ പറയുന്നു. ലളിതവും ഉദാരവുമായ നടപടി ക്രമങ്ങളിലൂടെ അതിവേഗം നൽകാൻ കഴിയുന്നതിനാൽ വ്യക്തിഗത വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾക്കും ഉപയോക്താക്കൾക്കും ഒരുപോലെ പ്രിയപ്പെട്ടതാണ്. തിരിച്ചടവ് മുടങ്ങാനുള്ള സാധ്യത അധികമായതിനാൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പേഴ്സണൽ വായ്പകൾക്ക് 15 മുതൽ 35 ശതമാനം വരെ പലിശയാണ് ഈടാക്കുന്നത്. അതിനാലാണ് ബാങ്കുകൾ വ്യക്തിഗത വായ്പാ വിതരണത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്നത്.

ഭവന, വാഹന, സ്വർണ പണയ വായ്പകൾക്ക് വായ്പകൾക്ക് ബാങ്കുകൾ മതിയായ ഈട് വാങ്ങുന്നതിനാൽ തിരിച്ചടവ് മുടങ്ങിയാലും ബാങ്കിന് ഒരു പരിധി വരെ പണം തിരികെ നേടാൻ മാർഗങ്ങളുണ്ട്. എന്നാൽ പേഴ്സണൽ വായ്പകളേറെയും ഈടില്ലാത്ത വായ്പകളാണ്. കൺസ്യൂമർ ഉത്പന്നങ്ങളുടെ ഹയർ പർച്ചേസിനും മറ്റ് ആവശ്യങ്ങൾക്കുമാണ് പ്രധാനമായും വ്യക്തിഗത വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നത്.

ഫിൻടെക്ക് കമ്പനികളുടെയും ഇൻസ്റ്റന്റ് ഡിജിറ്റൽ വായ്പകളുടെയും വരവോടെ ഈ മേഖലയിൽ അസാധാരണമായ വളർച്ചയാണ് ദൃശ്യമാകുന്നതെന്ന് റിസർവ് ബാങ്ക് വൃത്തങ്ങൾ പറയുന്നു. പ്രമുഖ ബാങ്കുകളുടെ വ്യക്തിഗത വായ്പാ പോർട്ട്ഫോളിയോയിൽ 85 ശതമാനം വരെ ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള ചെറുവായ്പകളാണെന്ന് റിസർവ് ബാങ്കിൻറെ കണക്കുകൾ സൂചിപ്പിക്കുന്നത്.





# ലൈലാക് ഹോട്ടൽ ഗുരുവായൂരിൽ

**കൊച്ചി:** താമര ലീഷർ എക്സ്പീരിയൻസസിന്റെ ലൈലാക് ഹോട്ടൽ ഗുരുവായൂരിൽ പ്രവർത്തനമാരംഭിച്ചു. എല്ലാ സൗകര്യങ്ങളോടു കൂടി തയ്യാറാക്കിയ 36 റൂമുകളാണ് ലൈലാക് ഹോട്ടലിൽ സജ്ജമാക്കിയിട്ടുള്ളത്. താമര ഗ്രൂപ്പിന്റെ കേരളത്തിലെ ആദ്യ ലൈലാക് ഹോട്ടലാണ് ഗുരുവായൂരിലേത്.

തങ്ങളുടെ വളർച്ചയിൽ ഗുരുവായൂർ നഗരം കൂടി കൂട്ടിച്ചേർക്കപ്പെടുന്നത് ഏറെ ആഹ്ലാദത്തോടെയാണ് ഞങ്ങൾ നോക്കിക്കാണുന്നതെന്ന താമര ലീഷർ എക്സ്പീരിയൻസസ് സിഇഒ & ഡയറക്ടർ ശ്രുതി ഷിബുലാൽ പറഞ്ഞു.കേരളത്തിലെ ഞങ്ങളുടെ മൂന്നാമത്തെ പ്രൊജക്ടാണിത്.

താമര ഗ്രൂപ്പിന്റെ മുന്നോട്ടുള്ള യാത്രയിൽ കേരളത്തിന് വലിയ പ്രാധാന്യം തന്നെയുണ്ട്. കണ്ണൂരിലും ആലപ്പുഴയിലുമായി ഞങ്ങളുടെ രണ്ട് പ്രൊജക്ടുകളുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രാജ്യത്തിനകത്തും പുറത്തും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം തന്നെ സൗത്ത് ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ ഞങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കാനുള്ള ശ്രമങ്ങൾ ഇനിയും തുടരും. ക്ഷേത്രദർശനത്തിനും, വിവാഹം, വിവാഹനിശ്ചയം തുടങ്ങിയ ആഘോഷങ്ങൾക്കും മറ്റ് പരിപാടികൾക്കുമായി ഗുരുവായൂരിലെത്തുന്ന കുടുംബങ്ങൾക്കും സൗഹൃദസംഘങ്ങൾക്കും തെരഞ്ഞെടുക്കാവുന്ന എല്ലാ സൗകര്യങ്ങളോടും കൂടിയ റൂമുകളും സ്യൂട്ട് റൂമുകളും ലൈലാക് ഹോട്ടലിൽ സജ്ജമാണ്. വലിയ സംഘങ്ങൾക്ക് അനുയോജ്യമായ ഇന്റർ കണക്റ്റിംഗ് ഓപ്ഷനുകളും ഇവിടെയുണ്ട്. ഒരേ സമയം 127 അതിഥികൾക്ക് വരെ ഏറ്റവും സൗകര്യപ്രദമായ താമസാനുഭവം ലൈലാക് ഉറപ്പുനൽകുന്നുവെന്നും താമര ശ്രുതി ഷിബുലാൽ പറഞ്ഞു.കേസർ എന്ന പേരിൽ ഒരു മൾട്ടികുസീൻ വെജിറ്റേറിയൻ റെസ്റ്റോറന്റും ഒപ്പം ഇവന്റുകൾ സംഘടിപ്പിക്കുവാൻ സാധിക്കുന്ന ഉത്സവ എന്ന ബാങ്ക്വറ്റ് ഹാളും ലൈലാക് ഗുരുവായൂരിലുണ്ട്. ഹാളിൽ ഒരേ സമയം പരമാവധി 300 പേരെയും, സദ്യ ഹാളിൽ 100 പേരേയും ഉൾക്കൊള്ളാം.

മഴവെള്ള പുനരുപയോഗം, ഊർജ സംരക്ഷണ പദ്ധതികൾ, ഉത്തരവാദിത്വത്തോടുകൂടിയ ലിനൻ മാനേജ്മെന്റും മാലിന്യ സംസ്കരണവും തുടങ്ങിയ കാര്യങ്ങളിൽ സുസ്ഥിരമായ കാഴ്പ്പാട് ഉയർത്തിക്കൊണ്ടാണ് ലൈലാക് പ്രവർത്തിക്കുന്നത്. പന്തയിൽ ശ്രീ അയ്യപ്പ ക്ഷേത്രം, ചാവക്കാട് ബീച്ച് തുടങ്ങി തൃശൂരിന്റെ സാംസ്കാരികത്തനിമയും പ്രകൃതിഭംഗിയും നിറയുന്ന സ്ഥലങ്ങളിലേക്ക് വളരെ ചെറിയ ദൂരം മാത്രമാണ് ലൈലാക് ഹോട്ടലിൽ നിന്നുമുള്ളത്.

# സോണി ഇന്ത്യ ബുറാനോ ക്യാമറ അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ കമ്പനിയുടെ മുന്നിര ഡിജിറ്റൽ സിനിമാ ക്യാമറകളുടെ നിരയായ സിനിആൽട്ട് ലൈനപ്പിൻറെ ഭാഗമായി പുതിയ ബുറാനോ ക്യാമറ അവതരിപ്പിച്ചു. സിംഗിൾ ക്യാമറ ഓപ്പറേറ്റർമാർക്കും ചെറിയ സംഘത്തിനും മികച്ച സിനിമാറ്റിക് ചിത്രങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്ന ബുറാനോ, മികച്ച മറ്റു ഫീച്ചറുകളുമായാണ് എത്തുന്നത്. വെനീസ് 2 ക്യാമറയുടെ കളർ സയൻസുമായി പൊരുത്തപ്പെടുന്ന സെൻസറോടു കൂടിയ പുതിയ ബുറാനോ മോഡൽ, ഇൻബോഡി ഇമേജ് സ്റ്റെബിലൈസേഷനെ പിന്തുണയ്ക്കുന്ന പിഎൽ മൗണ്ട് ഉള്ള ലോകത്തിലെ ആദ്യത്തെ ഡിജിറ്റൽ സിനിമാ ക്യാമറ കൂടി യാണ്. കൂടാതെ, ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ മെക്കാനിസത്തിനൊപ്പം ഇലക്ട്രോണിക് വേരിയബിൾ എൻഡി ഫിൽട്ടർ ഘടന കോംപാക്റ്റ് ഹൗസിങ്ങിൽ ആദ്യമായി ഉൾക്കൊള്ളുന്ന ക്യാമറയെന്ന സവിശേഷതയുമുണ്ടെന്നും കമ്പനി അധികൃതർ അറിയിച്ചു.വെനീസ് 2വിൻറെ ഫീച്ചറുകളിൽ ഭൂരിഭാഗവും ബുറാനോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8.6കെ ഫുൾഫ്രെയിം സെൻസറാണ് ബുറാനോയിൽ. ഏറ്റവും വെല്ലുവിളി നിറഞ്ഞ ലൈറ്റിങ് സാഹചര്യത്തിൽ പോലും അതിശയകരമായ ചിത്രങ്ങൾ സൃഷ്ടിക്കാൻ സഹായകരമാവുന്ന ഡ്യുവൽ ബേസ് ഐഎസ്ഒ ഓഫ് 800 ആൻഡ് 300, 16 സ്റ്റോപ്പ്സ് ഓഫ് ലാറ്റിറ്റ്യൂഡ് എന്നിവ ഈ സെൻസർ ഫീച്ചർ ചെയ്യുന്നു. വെനീസ് 2 ക്യാമറയേക്കാൾ ഏകദേശം 32 എം.എം ചെറുതും 1.4 കി.ഗ്രാം ഭാരം കുറഞ്ഞതുമാണ് ബുറാനോ ക്യാമര. ഒതുക്കമുള്ളതും ഭാരം കുറഞ്ഞതിനാൽ എളുപ്പത്തിൽ കൊണ്ടുനടക്കാനാവും. വ്യൂഫൈൻഡറായും, ടച്ച് ഫോക്കസിനായും, മെനു കണ്ട്രോളിനായും ഉപയോഗിക്കാവുന്ന 3.5 ഇഞ്ച് മൾട്ടിഫങ്ഷൻ എൽസിഡി മോണിറ്റർ ആണ് മറ്റൊരു സവിശേഷത.

ബുറാനോ ഡിജിറ്റൽ സിനിമാ ക്യാമറയുടെ ബുക്കിങ് 2024 മാർച്ച് 19 മുതൽ ആരംഭിക്കും. 37,69,990 രൂപ വിലയിൽ 2024 ഏപ്രിൽ ആദ്യവാരം മുതൽ ക്യാമറ ലഭ്യമായി തുടങ്ങും. ബുറാനോ വാങ്ങുന്നവർക്ക് 2,61,570 രൂപ വിലയുള്ള രണ്ട് യൂണിറ്റ് സിഎഫ്എക്സ്പ്രെസ് ടൈപ്പ് ബി മെമ്മറി കാർഡ് 960ജിബി (സിജിബിജി960ടി), ഒരു യൂണിറ്റ് മെമ്മറി കാർഡ് റീഡർ (എംആർഡബ്ല്യുജി1) എന്നിവ ലഭിക്കുന്ന സൗജന്യ ബണ്ടിൽ ഓഫറും സോണി പ്രഖ്യാപിച്ചിട്ടുണ്ട്.




## നാഷണൽ കാൻസർ ഗ്രിഡിനായി ആക്സിസ് ബാങ്കിൻെറ 100 കോടിയുടെ സഹായം

**കൊച്ചി:** രാജ്യത്തെ കാൻസർ പരിരക്ഷ മെച്ചപ്പെടുത്താനായി മുന്നൂറിലധികം കാൻസർ സെൻററുകളുമായി പ്രവർത്തിക്കുന്ന നാഷണൽ കാൻസർ ഗ്രിഡിന് ആക്സിസ് ബാങ്ക് 100 കോടി രൂപയുടെ സഹായം നൽകും. ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലുമായി സഹകരിച്ചാണ് ഈ ശൃംഖല പ്രവർത്തിക്കുന്നത്. അഞ്ചു വർഷത്തെ ഈ പങ്കാളിത്തത്തിൻറെ ഭാഗമായി കാൻസർ പരിരക്ഷ, ആധുനിക കാൻസർ ഗവേഷണം, അഫിലിയേറ്റു ചെയ്തിട്ടുള്ള 300ൽ ഏറെ കേന്ദ്രങ്ങളിൽ ഡിജിറ്റൽ ഹെൽത്ത് സംവിധാനങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ പിന്തുണ നൽകും. കാൻസർ ചികിൽസാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ നാഷണൽ കാൻസർ ഗ്രിഡുമായും ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലുമായും സഹകരിക്കുന്നതിൽ തങ്ങൾക്ക് വലിയ അഭിമാനമുണ്ടെന്ന് ആക്സിസ് ബാങ്ക് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ രാജീവ് ആനന്ദ് പറഞ്ഞു. സുസ്ഥിര ആരോഗ്യ സേവനങ്ങൾ, പ്രതിരോധം തുടങ്ങിയ മേഖലകളിൽ പ്രോത്സാഹനം നൽകുന്ന ആക്സിസ് ബാങ്കിൻറെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്നതാണ് ഈ നീക്കമെന്നും അദ്ദേഹം പറഞ്ഞു.

## ഐഐഎം സമ്പൽപൂർ: എംബിഎയ്ക്കായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂർ കാമ്പസിൽ നടത്തുന്ന എക്സിക്യൂട്ടീവ് എംബിഎ കോഴ്സിനായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. മാർച്ച് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ http://iimsambalpur.ac.in/executÇmba/ എന്ന വെബ്പേജിൽ ലഭിക്കും. ബിരുദ തലത്തിൽ കുറഞ്ഞത് 50 ശതമാനം മാർക്കും കുറഞ്ഞത് മൂന്നു വർഷത്തെയെങ്കിലും പ്രൊഫഷണൽ പരിചയവും ഉള്ളവർക്കാണ് അപേക്ഷിക്കാനാവുക. വിർചൽ ക്ലാസ് റൂം ഓൺലൈൻ ആയും ഓഫ്ലൈൻ ആയും ആയിരിക്കും കോഴ്സ് നടത്തുക.

## ലോക്സഭാ തിരഞ്ഞെടുപ്പ്; വോട്ടർപട്ടികയിൽ പേര് ചേർക്കാൻ 25 വരെ അവസരം

**കൊച്ചി:** ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് മാർച്ച് 25 വരെ പേര് ചേർക്കാൻ അവസരം. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ലഭിക്കുന്നത്. 18 വയസ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടൽ വഴിയോ, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചോ, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാം. തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടൽ വഴി അപേക്ഷിക്കുന്നവർ voters.eci.gov.in/signup എന്ന ലിങ്കിൽ പ്രവേശിച്ച് മൊബൈൽ നമ്പർ നൽകി പുതിയ അക്കൗണ്ട് സൃഷ്ടിച്ച് ലോഗിൻ ചെയ്ത് വേണം തുടർനടപടികൾ ചെയ്യാൻ. അപേക്ഷകർക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ അപേക്ഷയുടെ എൻട്രികൾ പൂരിപ്പിക്കാൻ കഴിയും. ന്യൂ രജിസ്ട്രേഷൻ ഫോർ ജനറൽ ഇലക്ടേഴ്സ് എന്ന ഒപ്ഷൻ തുറന്ന് (പുതുതായി വോട്ട് ചേർക്കുന്നവർക്കുള്ള ഫോം 6) സംസ്ഥാനം, ജില്ല, പാർലമെന്റ്, നിയമസഭാ മണ്ഡലങ്ങൾ എന്നിവയുടെ പേര്, വ്യക്തിഗത വിവരങ്ങൾ, ഇ മെയിൽ ഐഡി, ജനനത്തീയതി, വിലാസം തുടങ്ങിയ വിവരങ്ങൾ നൽകി പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി അപ്ലോഡ് ചെയ്ത് വേണം അപേക്ഷ സമർപ്പിക്കാൻ. ആധാർ കാർഡ് ലഭ്യമല്ലെങ്കിൽ മറ്റ് രേഖകൾ അപ്ലോഡ് ചെയ്യണം. തുടർന്ന് അധികൃതരുടെ പരിശോധനക്ക് ശേഷം പട്ടികയിൽ പേര് ഉൾപ്പെടുത്തും. നൽകിയിരിക്കുന്ന വിലാസത്തിൽ തപാൽ വഴി വോട്ടർക്ക് തിരിച്ചറിയൽ കാർഡ് അയക്കും.



# വേൾഡ് മലയാളി ഫെഡറേഷൻ : തിരുവനന്തപുരം ജില്ലാ കൗൺസിൽ നിലവിൽ വന്നു

**തിരുവനന്തപുരം:** വേൾഡ് മലയാളി ഫെഡറേഷന്റെ തിരുവനന്തപുരം ജില്ലാ കൗൺസിൽ നിലവിൽ വന്നു. ജെസ്സി ജയ് അധ്യക്ഷത വഹിച്ച സമ്മേളനം ഡബ്ല്യുഎംഎഫ് ഗ്ലോബൽ ചെയർമാൻ ഡോ ജെ രത്നകുമാർ ഉദ്ഘാടനം ചെയ്തു. വേൾഡ് മലയാളി ഫെഡറേഷന്റെ മുഖപത്രം വിശ്വകൈരളി വനിതാ പതിപ്പിന്റെ പ്രകാശനം സംവിധായകനും നടനുമായ മധുപാൽ നിർവ്വഹിച്ചു. ആദ്യ കോപ്പി വിശ്വകൈരളി ചീഫ് എഡിറ്ററും ഡബ്ലിയുഎംഎഫ് ജോയിന്റ് സെക്രെട്ടറിയുമായ സപ്ന അനു ബി ജോർജിൽ നിന്നും ഗ്ലോബൽ ജോയിന്റ് സെക്രട്ടറി മേരി റോസ്ലറ്റ് ഏറ്റുവാങ്ങി. ഡബ്ലിയുഎംഎഫ് കേരള സംസ്ഥാന പ്രസിഡന്റ് റഫീഖ് മരക്കാർ തിരുവനന്തപുരം ജില്ലയുടെ പുതിയ ഭാരവാഹികളെ ഓൺലൈനായി പ്രഖ്യാപിച്ചു.

ഗ്ലോബൽ ചെയർമാൻ പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. മഹേഷ് മാണിക്യം (പ്രസിഡന്റ്), എൻ എസ് അനിൽകുമാർ (സെക്രട്ടറി), ജേക്കബ് ഫിലിപ്പ് (ട്രെഷറർ) എന്നിവരാണ് ചുമതലയേറ്റ പുതിയ ഭാരവാഹികൾ. ഗ്ലോബൽ കോർഡിനേറ്റർ ഡോ ആനി ലിബു, ഗ്ലോബൽ ട്രഷറർ ടോം ജേക്കബ്, ഗ്ലോബൽ ജോയിന്റ് ട്രെഷറർ വി എം സിദ്ദിഖ്, കെ എസ് പ്രസാദ് (കലാഭവൻ) ഇലക്ഷൻ ആൻഡ് പ്രോട്ടോകോൾ ഫോറം കോർഡിനേറ്റർ തോമസ് വൈദ്യൻ, ഏഷ്യൻ റീജിയൻ വിമൻസ് ഫോറം കോർഡിനേറ്റർ ലീന റാഫെൽ, എറണാകുളം ജില്ലാ പ്രസിഡന്റ് സോഫി എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു.

ചടങ്ങിൽ തോമസ് വൈദ്യൻ (ഗ്ലോബൽ ഇലക്ഷൻ & പ്രോട്ടോകോൾ ഫോറം കോർഡിനേറ്റർ), അഡ്വ ശ്രീജിത്ത് പ്രേമചന്ദ്രൻ (ഗ്ലോബൽ ലീഗൽ ഫോറം കോർഡിനേറ്റർ), നോവിൻ വാസുദേവ് (ഗ്ലോബൽ പി ആർഒ), ഏഷ്യൻ റീജിയൻ വിമൻസ് ഫോറം കോർഡിനേറ്റർ ലീന റാഫെൽ, രജനി മദനൻ (ഏഷ്യ റീജിയൻ ജോയിന്റ് സെക്രട്ടറി), അനു ലിബ (നാഷണൽ അഗ്രികൾച്ചർ & എൻവയൊണ്മെന്റ് കോർഡിനേറ്റർ), കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ജെസ്സി ജയ്, നോബി കെ പി (സ്റ്റേറ്റ് ചാരിറ്റി കോർഡിനേറ്റർ), സുനീർ (സ്റ്റേറ്റ് ഐടി കോർഡിനേറ്റർ), സുമേഷ് തമ്പി (സ്റ്റേറ്റ് കൾച്ചറൽ കോർഡിനേറ്റർ), എറണാകുളം ജില്ലാ പ്രസിഡന്റ് സോഫി, രാജു ചാക്കോ (കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്), രാധിക (എക്സിക്യൂട്ടീവ് മെമ്പർ), ഞങ്ങൾഎ അംഗങ്ങളായ റസ്, രാജാകൃഷ്ണമൂർത്തി, മഹേഷ് മംഗലത്ത്, രാധിക രവി, ഞങ്ങൾഎന്റെ അഭ്യുദയകാംക്ഷികളായ നീതു, ലിജ സാമുവൽ, ഡോ ഹൈമ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.164 രാജ്യങ്ങളിൽ പ്രാതിനിധ്യമുള്ള സംഘടനയാണ് വേൾഡ് മലയാളി ഫെഡറേഷൻ

# ട്രാവൽ ഗാർഡ് പ്ലസുമായി ടാറ്റ എഐജി

**കൊച്ചി:** മുൻനിര ജനറൽ ഇൻഷുറൻസ് സേവനദാതാക്കളായ ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് സഞ്ചാരികൾക്ക് പരിപൂർണ്ണ കവറേജ് ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ യാത്ര ഇൻഷുറൻസ് പദ്ധതിയായ ട്രാവൽ ഗാർഡ് പ്ലസ് വിപണിയിലവതരിപ്പിച്ചു. വൈവിധ്യമാർന്ന യാത്രാ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് 41 വ്യത്യസ്ത തരത്തിലുള്ള കവറേജുകൾ ഉൾക്കൊള്ളുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ട്രാവൽ ഗാർഡ് പ്ലസ് എന്ന് ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് പ്രസിഡൻറും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുമായ സൗരവ് ജെയ്സ്വാൾ പറഞ്ഞു. വ്യക്തിപരമായ ബാഗേജുകളുടെ നഷ്ടം, യാത്രയ്ക്കിടെ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടാൽ കൂട്ടിരിക്കാൻ എത്തുന്ന ബന്ധുവിൻറെ താമസം, യാത്ര ചെലവുകൾ, താമസം നീട്ടേണ്ടിവന്നാലുള്ള ചിലവ്, ബിസിനസ് ക്ലാസിലേക്കും മറ്റുമുള്ള അപ്ഗ്രഡേഷൻ, ഇന്ത്യയിൽ വെച്ചു സംഭവിക്കുന്ന അപകടങ്ങൾ, ഫ്ലൈറ്റ് വൈകുകയോ റദ്ദു ചെയ്യുകയോ ചെയ്താൽ ഉടനടി നൽകുന്ന നഷ്ടപരിഹാര തുക എന്നിങ്ങനെ നിരവധി സാഹചര്യങ്ങൾക്കുള്ള കവറേജ് ഉൾപ്പെടുന്നതാണ് ട്രാവൽ ഗാർഡ് പ്ലസ്. യാത്രികരുടെ ആവശ്യത്തിനനുസരിച്ച് വളരെ എളുപ്പത്തിൽ ക്ളെയിം ചെയ്യാവുന്ന രീതിയിലാണ് ഇതിലെ കവറേജുകൾ എല്ലാം തന്നെ.

പ്ലാനുകൾ ഉപഭോക്താവിൻറെ ആവശ്യത്തിനനുസരിച്ച് കസ്റ്റമൈസ് ചെയ്യാം എന്നതാണ് ട്രാവൽ ഗാർഡ് പ്ലസിൻറെ പ്രത്യേകത. ക്രൂയിസ് ബണ്ടിൽ, ട്രാവൽ പ്ലസ് ബണ്ടിൽ, ആക്സിഡൻറ് ബണ്ടിൽ എന്നിങ്ങനെ മൂന്ന് അധിക ബണ്ടിലുകൾ ഉപഭോക്താവിന് തിരഞ്ഞെടുക്കാം. ക്രൂയിസ് ട്രാവലുമായി ബന്ധപ്പെട്ട, തുടർച്ചയായി സഞ്ചരിക്കുന്നതിനുള്ള കവറേജ്, കോമ കവർ, സാഹസിക സ്പോർട്ട്സ് കവർ എന്നിവ ഉൾപ്പെടുന്നതാണ് ഇത്.

ഉപഭോക്താക്കളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കനുസരിച്ച് ഇഷുറൻസ് സേവനങ്ങൾ നൽകുന്നതിലുള്ള ടാറ്റ എഐജിയുടെ പ്രതിബദ്ധതയാണ് ട്രാവൽ ഗാർഡ് പ്ലസ് പുറത്തിറക്കിയതിലൂടെ വ്യക്തമാവുന്നതെന്നും സൗരവ് ജെയ്സ്വാൾ പറഞ്ഞു. അപ്രതീക്ഷിതമായുണ്ടാകുന്ന ഏത് സാഹചര്യത്തെയും നേരിടാനുള്ള സുരക്ഷാമാർഗ്ഗമാണ് ഇതെന്നും ഓരോ സഞ്ചാരിയുടെയും ആവശ്യങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ ഈ പോളിസി സമ്മർദ്ദരഹിതമായ യാത്ര ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടപ്പള്ളി ഫ്യൂച്ചറേസ് ആശുപത്രിയുമായി സഹകരിച്ച് പൊറ്റക്കുഴി വ്യാപാരഭവൻ മിനി ഹാളിൽ നടത്തിയ ആരോഗ്യ പരിശോധനാ ക്യാംപിന് തുടക്കം കുറിച്ചുകൊണ്ട് ഡോ. ഹിബ യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസിനെ പരിശോധിക്കുന്നു

# ആരോഗ്യപരിശോധന ക്യാംപ് നടത്തി

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടപ്പള്ളി ഫ്യൂച്ചറേസ് ആശുപത്രിയുമായി സഹകരിച്ച് ആരോഗ്യ പരിശോധനാ ക്യാപ് നടത്തി. പൊറ്റക്കുഴി വ്യാപാരഭവൻ മിനി ഹാളിൽ നടന്ന ക്യാംപ് യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ജനറൽ സെക്രട്ടറി എസ് മനോജ്കുമാർ, വൈസ് പ്രസിഡന്റ് പി വി മോഹൻദാസ് തുടങ്ങിയവർ സംസാരിച്ചു.ഡോ. ഹിബയുടെ നേതൃത്വത്തിലായിരുന്നു ആരോഗ്യ പരിശോധന. ക്യാംപിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

# വിമൻ മേക്കർ സെലിബ്രേഷൻ 23 ന്




**കൊച്ചി:** ഭാവിയുടെ സാങ്കേതിക വിദ്യയിലേക്ക് കേരളത്തിലെ ടെക്നോളജിസ്റ്റുകളെ നിപുണരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ടിങ്കർ ഹബ് ഫൗണ്ടേഷൻ വിമൻ മേക്കർ സെലിബ്രേഷൻ സംഘടിപ്പിക്കുന്നു. കളമശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷൻ ആസ്ഥാനത്ത് മാർച്ച് 23 നാണ് പരിപാടി.സംസ്ഥാനത്തെ ഏറ്റവും വലിയ വനിതാ ഹാക്കത്തോണിൻറെ സമാപനത്തോടനുബന്ധിച്ചാണ് വിമൻ മേക്കർ സെലിബ്രേഷൻ സംഘടിപ്പിക്കുന്നത്.

കാസർകോഡ് മുതൽ തിരുവനന്തപുരം വരെ 27 വേദികളിലായി നടന്ന ഹാക്കത്തോണിൽ 1100 ലധികം പേരാണ് പങ്കെടുത്തത്. സാങ്കേതിക പരിജ്ഞാനം ദ്രുതഗതിയിൽ കൈവരിക്കാനും ആത്മവിശ്വാസത്തോടെ ടെക് മേഖലയിലേക്ക് കാലെടുത്തു വയ്ക്കാനും വനിതകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് ഹാക്കത്തോണിനുണ്ടായിരുന്നത്. ഹാക്കത്തോണിലൂടെ തെരഞ്ഞെടുക്കപ്പെട്ട 100 പേരുടെ ബൂട്ട് ക്യാമ്പ് ഉടൻ നടക്കും.

അനിതബി.ഒആർജിയിലെ ശ്രേയ കൃഷ്ണ, ടെക് 4 ഗുഡ് കമ്മ്യൂണിറ്റിയിലെ അഖില സോമനാഥ്, സിറ്റിസെൻ ഡിജിറ്റൽ ഫൗണ്ടേഷനിലെ നിധി സുധൻ തുടങ്ങിയവർ സംസാരിക്കും. ഇതിനു പുറമെ പാനൽ ചർച്ചകളും പരിശീലനകളരികളും നടക്കും. കേരള സ്റ്റാർട്ടപ്പ് മിഷനെ കൂടാതെ സമാഗത ഫൗണ്ടേഷൻ, ആമസോൺ ഇന്ത്യ എന്നിവരാണ് ഈ പരിപാടിയുമായി സഹകരിക്കുന്നത്. രജിസ്ട്രേഷനായി https://tinkerhub.org/wmc എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ലിംഗഭേദമില്ലാതെ ഏവർക്കും ഇതിൽ പങ്കെടുക്കാൻ അപേക്ഷിക്കാവുന്നതാണ്.

# അച്ചടിശാലകൾ സത്യവാങ്മൂലം വാങ്ങണം

**കൊച്ചി:** 2024 ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, നോട്ടീസുകൾ, മറ്റു പ്രചാരണ സാമഗ്രികൾ എന്നിവ അച്ചടിക്കുന്ന അച്ചടിശാലകൾ പ്രവൃത്തി ഏൽപ്പിക്കുന്ന വ്യക്തിയിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം (രണ്ട് പ്രതി) വാങ്ങി സൂക്ഷിക്കേണ്ടതാണെന്ന് എക്സ്പെൻഡിച്ചർ നോഡൽ ഓഫീസർ അറിയിച്ചു. അച്ചടി പൂർത്തിയായി മൂന്ന് ദിവസത്തിനകം സത്യവാങ്മൂലത്തിന്റെ ഒരു പ്രതിയും അച്ചടിച്ച സാമഗ്രികളുടെ രണ്ട് പ്രതിയും അതത് ലോക്സഭ നിയോജക മണ്ഡലത്തിലെ ഉപവരണാധികാരികൾക്ക് നൽകണം. പ്രിന്റ് ചെയ്ത സാമഗ്രികളിൽ അച്ചടിശാലയുടെ പേര്, അച്ചടിയ്ക്കുന്ന ആളിന്റെ പേരും വിലാസവും, കോപ്പികളുടെ എണ്ണം എന്നിവ വ്യക്തമായി രേഖപ്പെടുത്തണം

# നാല് സിനിമകൾ 349 രൂപയ്ക്ക് കാണാം ; പാസ്പോർട്ട് രണ്ടാം പതിപ്പുമായി പിവിആർ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ മൾട്ടിപ്ലക്സ് ശൃംഖലയായ പിവിആർ പ്രതിമാസ സിനിമ സേവനമായ പാസ്പോർട്ടിൻറെ രണ്ടാം പതിപ്പ് പുറത്തിറക്കി.

കൂടുതൽ ഉപഭോക്തൃ സൗഹൃദവും ആവേശകരവുമായ സവിശേഷതകളും ഏതാനും വ്യവസ്ഥകളും നിറഞ്ഞതാണ് രണ്ടാം പതിപ്പ്. രാജ്യത്തുടനീളം ലഭ്യമായ ഈ സംവിധാനം ഉപയോഗിച്ച് വരിക്കാർക്ക് താങ്ങാവുന്ന നിരക്കിൽ സിനിമകൾ ആസ്വദിക്കാം. തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ പ്രതിമാസം നാല് സിനിമകൾ 349 രൂപയ്ക്ക് കാണാനാകും എന്നതാണ് ഇതിന്റെ സവിശേഷത. മറ്റൊരാൾക്ക് ടിക്കറ്റ് വാങ്ങാനും റെഡീം ചെയ്യുന്നതിനും, 1047 രൂപ നൽകി മൂന്നു മാസത്തെ സബ്സ്ക്രി പ്ക്ഷൻ എടുത്ത് 350 രൂപയുടെ ഫുഡ് വൗച്ചർ സൗജന്യമായി ലഭിക്കുന്ന ഓപ്ഷനും ഇതിൽ ഉണ്ടെന്ന് കമ്പനി കോ സിഇ ഓ ഗൗതം ദത്ത പറഞ്ഞു.വരും മാസങ്ങളിൽ പാസ്പോർട്ട് വരിക്കാർക്ക് വൈവിധ്യമാർന്ന സിനിമകളുടെ മികച്ച നിര തന്നെ ആസ്വദിക്കാനുള്ള അവസരമാണ് ലഭിക്കുക. പുഷ്പ 2, സിംങ്കം എഗൈൻ, മൈദാൻ, ജിഗ്ര, വെൽക്കം ടു ദ ജംഗിൾ, സ് ട്രി 2 തുടങ്ങിയ ചിത്രങ്ങളാണ് ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്നത്. ഗോഡ് സില്ല എക്സ് കോങ്ങ്, ദി ന്യൂ എമ്പയർ, ദി ഫാൾ ഗൈ, ഫ്യൂറിയോസ, എ മാഡ് മാക്സ് സാഗ, ഡെഡ് പൂൾ ആൻറ് വോൾവറിൻ, കിംഗ് ഡം ഓഫ് ദി പ്ലാനറ്റ് ഓഫ് ദി ഏപ്സ്, കയറ്റ് പ്ലേസ്, ഡേ വൺ തുടങ്ങിയ ഹോളിവുഡ് ചിത്രങ്ങളും ഈ ലിസ്റ്റിൽ ഉണ്ടെന്നും അദ്ദേഹം അറിയിച്ചു.

# പ്രൈസ് മണി ബ്രിഡ്ജ് ടൂർണമെന്റ് 22 മുതൽ കുമരകത്ത്

**കൊച്ചി:** കേരളത്തിലെ ബ്രിഡ്ജ് കളിക്കാരുടെ സംഘടനയായ കൈരളി ബ്രിഡ്ജ് അസോസിയേഷൻ (കെ.ബി.എ) ഈ മാസം 22 മുതൽ 24 വരെ കുമരകം കോട്ടയം ക്ലബ്ബ് അനക്സിൽ അഖിലേന്ത്യാ പ്രൈസ് മണി ബ്രിഡ്ജ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു. ബ്രിഡ്ജ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ടൂർണമെന്റ് ഭാരത് പെട്രോളിയം കോർപ്പറേഷനാണ് സ്പോൺസർ ചെയ്യുന്നത്.

മൊത്തം നാല് ലക്ഷം രൂപ സമ്മാനത്തുകയുള്ള ടൂർണമെന്റിൽ ദക്ഷിണേന്ത്യയിലെ നിരവധി പ്രമുഖ ബ്രിഡ്ജ് കളിക്കാർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വേമ്പനാട്ടുകായലിന്റെ തീരത്ത് മുമ്പ് സൗത്ത് സോൺ ചാമ്പ്യൻഷിപ്പ് ഉൾപ്പെടെ നിരവധി ടൂർണമെന്റുകൾ നടന്നിട്ടുള്ള വേദിയിലാണ് ഇത്തവണയും ടൂർണമെന്റ് നടക്കുന്നത്. കളിക്കാർക്കായി സംഘാടകർ കുമരകത്തെ ഹോട്ടലുകളിൽ പ്രത്യേക നിരക്കുകളിൽ മുറികൾ ഒരുക്കിയിട്ടുണ്ട്. ടീം ഇനത്തിന്റെ ഫൈനൽ മത്സരങ്ങൾ ഹൗസ് ബോട്ടിലാണ് നടക്കുന്നതെന്നതാണ് ഈ ടൂർണമെന്റിന്റെ മറ്റൊരു സവിശേഷത.

കളിക്കാരെയും ടൂർണമെന്റ് സംഘാടകരെയും കൂടാതെ അമ്പതോളം കാണികളെയും ഉൾക്കൊള്ളുന്നതാണ് ഈ വഞ്ചി വീട്.2022ൽ ഇറ്റലിയിൽ നടന്ന ലോക ബ്രിഡ്ജ് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടി ഇന്ത്യ ചരിത്രം സൃഷ്ടിച്ചിരുന്നു. കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് പെയർ ഇനത്തിൽ സ്വർണ്ണവും ടീം ഇനത്തിൽ വെങ്കലവും നേടാനായി.കൂടുതൽ കളിക്കാരെ ബ്രിഡ്ജിലേക്ക് ആകർഷിക്കാൻ കെ.ബി.എ ശക്തമായ ശ്രമങ്ങളാണ് നടത്തുന്നത്. കൂടാതെ സ്കൂൾ കുട്ടികൾക്കിടയിൽ ബ്രിഡ്ജിന് പ്രോത്സാഹനം നൽകാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. ഈ കളിയിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരവും ധാരണാശേഷിയും വർധിക്കുമെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടെന്ന് നീറ്റാ ജലാറ്റിൻ ഇന്ത്യ മാനേജിംഗ് ഡയറക്ടറും കെ.ബി.എ പ്രസിഡന്റുമായ സജീവ് കെ. മേനോൻ പറഞ്ഞു.കൂടുതൽ വിവരങ്ങൾക്ക് kairalibridge@gmai-l.com എന്ന ഇമെയിലിൽ ബന്ധപ്പെടുക.

# ആഗോളതലത്തിൽ ചരക്കുനീക്ക ശൃംഖലയൊരുക്കി ഡിപി വേൾഡ്



**കൊച്ചി:** ചരക്കുനീക്കത്തിനായി ലോകത്തുടനീളം നൂറ് ഓഫീസുകൾ കൂടി തുറന്ന് ഡിപി വേൾഡ്. ആഗോളവ്യാപാരം സുഗമമാക്കാൻ ആഗ്രഹിക്കുന്ന കമ്പനികൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാനാണ് കുറഞ്ഞസമയത്തിനുള്ളിലെ ഈ വൻ വികസനം. കാലാവസ്ഥാവ്യതിയാനം, മാറുന്ന ആഗോള രാഷ്ട്രീയസാഹചര്യങ്ങൾ, സമ്പദ്വ്യവസ്ഥയിലെ സൂക്ഷ്മചലനങ്ങൾ എന്നിവ കണക്കിലെടുത്താണ് ഉപഭോക്തൃകമ്പനികളുടെ സൗകര്യാർത്ഥം ഡിപി വേൾഡ് ശൃംഖല വികസിപ്പിച്ചത്. ലോകമെമ്പാടും ഒരുലക്ഷത്തിഎണ്ണായിരത്തിലധികം ജീവനക്കാരുണ്ടായിരുന്ന ഡിപി വേൾഡ്, ഈ നീക്കത്തിലൂടെ ആയിരം തൊഴിലവസരങ്ങൾ കൂടി സൃഷ്ടിച്ചു. അടുത്ത ഒരു വർഷത്തിനുള്ളിൽ ഈ സംഖ്യ ഇനിയുമുയരും. ആഗോളതലത്തിൽ നടക്കുന്ന ചരക്കുനീക്കത്തിന്റെ 10% വും ഏറ്റെടുക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. ഇന്ത്യയിലും ശക്തമായ സാന്നിധ്യമാണ് ഡിപി വേൾഡിനുള്ളത്. മെട്രോ നഗരങ്ങളായ മുംബൈ, ഡൽഹി, ബെംഗളൂരു, ചെന്നൈ എന്നിവയ്ക്ക് പുറമെ ടിയർ1 നഗരങ്ങളായ കൊച്ചി, പൂണെ, അഹമ്മദാബാദ്, ജയ്പൂർ തുടങ്ങിയ നഗരങ്ങളിലും മറ്റിടങ്ങളിലുമായി 16 ഓഫീസുകളാണ് ഇന്ത്യയിൽ ഡിപി വേൾഡ് പ്രവർത്തിപ്പിക്കുന്നത്.എക്കണോമിസ്റ്റ് ഇമ്പാക്റ്റിന്റെ പഠന പ്രകാരം, ആഗോളവിപണിയിലെ തടസങ്ങൾ കാരണം സപ്ലൈ ചെയിൻ സുഗമമാക്കുന്നതിനായി വേറിട്ട തന്ത്രങ്ങളിലാണ് ഇപ്പോൾ വിപണി ശ്രദ്ധപതിപ്പിക്കുന്നത്. ഈ രംഗത്ത് ഡിപി വേൾഡ് നടത്തിയ ഈ വികസനം ആഗോള ലോജിസ്റ്റിക്സ്, വിതരണശൃംഖല സംവിധാനങ്ങളെ സംബന്ധിച്ച് ഏറ്റവും ഉചിതമായ സമയത്താണ്. വായുമാർഗവും കടൽമാർഗ്ഗവുമുള്ള ചരക്കുനീക്കത്തിൽ ഒരുപോലെയുള്ള വികസനമാണ് ഡിപി വേൾഡ് സാധ്യമാക്കിയിരിക്കുന്നത്. ഡിപി വേൾഡിന് കീഴിലുള്ള തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, സംഭരണശാലകൾ, ട്രക്കുകൾ, റെയിൽ, ഷിപ്പിംഗ് സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു 'ടൂൾബോക്സ്' ആണ് ഉപഭോക്തൃകമ്പനികൾക്ക് ലഭ്യമാകുന്നത്. ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യകൂടി ഉപയോഗിച്ച് ഇവയുടെ ദൃഢതയും നിയന്ത്രണവും കൂട്ടാനും സഹായിക്കുന്നു. വിതരണ ശൃംഖല കുറ്റമറ്റതാക്കാൻ ആവശ്യമുള്ളയിടങ്ങളിൽ വിവിധ പങ്കാളികളുടെ സഹായവും ഉറപ്പാക്കുന്നു.

ഉയർന്ന നിലവാരമുള്ള തുറമുഖങ്ങളും അവയിലെല്ലാം വിദഗ്ധരായവരുടെ സേവനവും ലഭ്യമാക്കിക്കൊണ്ടാണ് ലോകമെമ്പാടും ഡിപി വേൾഡ് അതിന്റെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നത്. തുറമുഖങ്ങൾ, ട്രാക്കിങ്, വായുമാർഗവും കടൽമാർഗ്ഗവുമുള്ള ചരക്കുനീക്കം, കസ്റ്റംസ്, സംഭരണ സേവനങ്ങൾ എന്നിവ 86 രാജ്യങ്ങളിലായി 430 ബിസിനസുകളിലൂടെയാണ് കമ്പനി യാഥാർഥ്യമാകുന്നത്. ഓർഡറെടുക്കുന്നതിൽ മുതൽ ഉല്പന്നത്തിന്റെ പ്രഭവകേന്ദ്രം തുടങ്ങി, ചരക്കു ഗതാഗത നിയന്ത്രണവും, അത് ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞാൽ കസ്റ്റംസ്, ഡ്രയജ്, ലോജിസ്റ്റിക്സ്, അവസാന ഘട്ട ഡെലിവറി വരെയുമുള്ള എല്ലാ ഘട്ടങ്ങളും ലളിതവും സുഗമവുമാക്കുന്നു. ഇതിനായി ഡിപി വേൾഡ് ചില മൂല്യവർധിത സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. വിപണിക്കുള്ളിൽ തന്നെയുള്ള പണലഭ്യത, ഓരോതരം ചരക്കിനും അനുസരിച്ചുള്ള പ്രത്യേക സേവനങ്ങൾ, കാറുകൾ ഉൾക്കൊള്ളുന്ന കണ്ടെയ്നറുകൾ, ഒരു ഗതാഗതരീതിയിൽ നിന്ന് മറ്റൊന്നിലേക്ക് ചരക്കുകൾ മാറ്റുന്നതിനുള്ള സംവിധാനങ്ങൾ, കൂടുതൽ കാര്യക്ഷമതയുള്ള ഹബ്ബുകൾ എന്നിവ അതിൽ ചിലത് മാത്രമാണ്. ഒരൊറ്റ ഏകജാലകസംവിധാനം ഉപയോഗിച്ചാണ് ഇതെല്ലാം സാധ്യമാക്കുന്നത് എന്നതാണ് ഡിപി വേൾഡിന്റെ സവിശേഷത. അഞ്ഞൂറോളം ഐടി വിദഗ്ധർ ഉൾക്കൊള്ളുന്ന ആഗോളതലത്തിൽ ഏകീകൃതമായ ഒരു സർവീസ് സെന്ററാണ് ഇതിന്റെ പിന്നിലുള്ളതെന്ന പ്രത്യേകതയുമുണ്ട്. ഉപഭോക്താക്കൾക്ക് അവരുടെ ചരക്കുകൾ തത്സമയം നിരീക്ഷിക്കാനും മാറ്റങ്ങൾ വരുത്താനും സാധിക്കും. ഉപഭോക്താക്കൾക്ക് തടസങ്ങളില്ലാതെ ചരക്കുനീക്കം ലഭ്യമാക്കുന്നതിനായി ഡിപി വേൾഡ് നിരന്തരം ബിസിനസ് വിപുലപ്പെടുത്തുകയാണെന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെയും മിഡിൽ ഈസ്റ്റ്, നോർത്ത് അമേരിക്ക എന്നീ മേഖലയുടെയും ചുമതലയുള്ള വൈസ് പ്രസിഡന്റ് ആകാശ് അഗർവാൾ പറഞ്ഞു. ഇന്ത്യയിൽ 16 കേന്ദ്രങ്ങളുൾപ്പെടെ പുതുതായി തുടങ്ങിയ 100 ഓഫിസുകളിലൂടെ ആകാശമാർഗവും കടൽമാർഗ്ഗവുമുള്ള ചരക്കുനീക്കവും ട്രക്കിങ് സർവീസും കസ്റ്റംസ് ക്ലിയറൻസും സംഭരണസൗകര്യവും വാഗ്ദാനം ചെയ്യുന്നു. ആഗോളവ്യാപാരം ലളിതമാക്കാനായി നാനാവിധമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കമ്പനി പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡിപി വേൾഡ് അതിന്റെ ലോജിസ്റ്റിക്സ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം 45,000മാക്കി ഉയർത്തി. മാത്രമല്ല, ലോകത്തെമ്പാടുമുള്ള കമ്പനിയുടെ ജീവനക്കാരുടെ എണ്ണം 1,11,000 ത്തിലേക്ക് അടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, നാവികസേവനങ്ങൾ, ലോജിസ്റ്റിക്സ് എന്നീ രംഗങ്ങളിലാണ് ഇവരെ നിയോഗിച്ചിട്ടുള്ളത്.

# പഠനോത്സവം സംഘടിപ്പിച്ചു

**കൊച്ചി :** എറണാകുളം ഗവണ്മെന്റ് എൽപി സ്കൂളിൽ പഠനോത്സവം സംഘടിപ്പിച്ചു. സമഗ്ര ശിക്ഷ കേരളം എറണാകുളം ബിപിസി നിഷാദ് ബാബു പി ഇ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ സംയുക്ത ഡയറി വിദ്യാർത്ഥികളായ ഇസ മറിയം , അവനിക എന്നിവർ എസ്എംസി ചെയർമാൻ സിജു പി എൻ ന് നൽകി പ്രകാശനം ചെയ്തു. ഹെഡ്മാസ്റ്റർ സാബു ജേക്കബ് സ്കൂൾ എസ് ആർജി കൺവീനർ തെരേസ സി ജോസഫ് എന്നിവർ സംസാരിച്ചു .

ഒരു വർഷം കൊണ്ട് പാഠഭാഗങ്ങളിൽ നിന്ന് നേടിയ മികവുകൾ ഉൾപ്പെടുത്തി വിഷയാടിസ്ഥിതമായി ക്ലാസ് തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. മലയാളം, പരിസരപഠനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ ഭക്ഷ്യമേള നടത്തി. ആരോഗ്യമുള്ള ഭക്ഷണം എന്നതായിരുന്നു ഭക്ഷ്യമേളയുടെ ഉദ്ദേശം. കൂടാതെ പഠനോപകരണ പ്രദർശനം, എക്സ്പിരിമെന്റുകൾ കുട്ടികളുടെ കലാപരിപാടികൾ തുടങ്ങിയവയും പഠനോത്സവത്തിന്റെ ഭാഗമായി നടത്തി.കുട്ടികൾ ആർജിച്ച അറിവിനേയും കഴിവിനേയും സമൂഹവുമായി പങ്കുവെക്കാൻ അവസരം നൽകുക വഴി കുട്ടികൾക്ക് നന്നായി പഠിക്കുവാനും വളരുവാനുമുള്ള പ്രചോദനം നൽകുക എന്നതാണ് പഠനോത്സവത്തിന്റെ ലക്ഷ്യം.

# നിർമ്മിത ബുദ്ധി വിവേകപൂർവ്വം ഉപയോഗിക്കണം: ജസ്റ്റിസ് സുരേന്ദ്രമോഹൻ

**കൊച്ചി :**നിർമ്മിത ബുദ്ധിയുടെ അനന്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം അതിലെ ചതിക്കുഴികളെ കുറിച്ച് ഉപഭോക്താക്കൾ ബോധവാന്മാരാകണമെന്ന് സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ പറഞ്ഞു. ലോക ഉപഭോക്തൃ അവകാശ ദിനാചരണത്തോടനുബന്ധിച്ച് ഉപഭോക്തൃ കോടതി സമുച്ചയത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഉപഭോക്തൃ കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏറെ സഹായകമാണെന്നും അദ്ദേഹം പറഞ്ഞു.ഉപഭോക്തൃ പരിഹാര കമ്മീഷന്റെ ഇ കോൺഫെന്റ് സോഫ്റ്റ്‌വെയർ അപ്ഡേഷൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ പൂർത്തീകരിച്ച ഉദ്യോഗസ്ഥരായ നവീൻ വിജയ്, ടി എ ശ്രീലേഖ എന്നിവരെ ചടങ്ങിൽ കമ്മീഷൻ പ്രസിഡന്റ് അനുമോദിച്ചു.




# കലാകാരന്മാരെ ആദരിച്ച് മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ്ണ വായ്പ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ് മുത്തൂറ്റ് സ്നേഹസമ്മാനത്തിന് 2024ൽ തെരഞ്ഞെടുക്കപ്പെട്ട 20 മികച്ച കലാകാരന്മാർക്കായുള്ള ആദ്യ തുകയുടെ വിതരണം നടത്തി.കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഓഫ് ആർട്ട് ആൻഡ് കൾച്ചർ മുൻ വൈസ് ചാൻസലർ പി. എൻ. സുരേഷ് മുഖ്യാതിഥിയായി. സിനിമാ സംവിധായകൻ സിബി മലയിൽ ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ്, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് വൈസ് പ്രിൻസിപ്പൽ ഡോ. ചിക്കു എബ്രഹാം, മുത്തൂറ്റ് ഫിനാൻസ് ഡിജിഎം കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് ബാബു ജോൺ മലയിൽ തുടങ്ങിയ വിശിഷ്ടാതിഥികളും പങ്കെടുത്തു.വൈവിധ്യമാർന്ന ക്ഷേത്ര പാരമ്പര്യങ്ങളുള്ളതും സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യമുള്ളതുമായ ഇന്ത്യയിൽ വിവിധ മേഖലകൾക്ക് സവിശേഷമായ രീതികളുമുണ്ട്. ഇവയുടെ ചരിത്രപരമായ വേരുകൾ സംരക്ഷിക്കേണ്ടതുമുണ്ട്.

മുത്തൂറ്റ് ഫിനാൻസ് 2015ൽ ആരംഭിച്ച മുത്തൂറ്റ് സ്നേഹസമ്മാനം പദ്ധതിയുടെ ഭാഗമായി തങ്ങളുടെ തൊഴിൽ മുന്നോട്ടു കൊണ്ടു പോകാൻ ബുദ്ധിമുട്ടനുഭവിക്കുന്ന മുതിർന്ന കലാകാരന്മാ ർക്കും പെർഫോർമർമാർക്കും പിന്തുണയും സഹായവും നൽകുന്നുണ്ട്. ഇതുവരെ മുത്തൂറ്റ് ഫിനാൻസ് 70 ലക്ഷം രൂപയാണ് ഈ പദ്ധതിയിൽ ചെലവഴിച്ചിട്ടുള്ളത്. 2024 സാമ്പത്തിക വർഷം 27 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. 45 മുതിർന്ന കലാകാരന്മാർക്കാണ് പദ്ധതിക്കു കീഴിൽ ഇതുവരെ ഗ്രാൻറ് അനുവദിച്ചിട്ടുള്ളത്. പ്രതിമാസം 3000 രൂപ മുതൽ 5000 രൂപ വരെയാവും ഇവർക്ക് മൂന്നു വർഷത്തേക്ക് ഗ്രാൻറ് നൽകുക.

കഥകളി. ചെണ്ട, മൃദംഗം, സരസ്വതി വീണ, തമ്പുരു, നാഗസ്വരം, ഇടക്ക, മിഴാവ്, തിമില, പഞ്ചവാദ്യം, ചേങ്ങല, ഇലത്താളം, കൊമ്പ്, ഓടക്കുഴൽ തുടങ്ങിയ വിവിധ വിഭാഗം ക്ഷേത്രകലകളിൽ ഉൾപ്പെട്ടിട്ടുള്ളവർ സാമ്പത്തിക സഹായം ലഭ്യമായവരിൽ ഉൾപ്പെടുന്നു. സാമ്പത്തിക പിന്തുണയ്ക്ക് ഒപ്പം പത്തനംതിട്ടയിലും കോഴഞ്ചേരിയിലും ഉള്ള ആശുപത്രികളിൽ ഇവർക്ക് സൗജന്യമായതോ കുറഞ്ഞ ചെലവിലുള്ളതോ ആയ ചികിൽസയും ലഭ്യമാക്കും.

നമ്മുടെ ക്രിയാത്മക സമൂഹത്തിലെ ഈ ശക്തമായ വിഭാഗത്തെയാണ് മുത്തൂറ്റ് ഫിനാൻസ് പിന്തുണക്കുന്നതെന്ന് ചടങ്ങിൽ സംസാരിച്ച മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ് പറഞ്ഞു. നമ്മുടെ സാംസ്ക്കാരിക വ്യക്തിത്വത്തിനു രൂപം നൽകാൻ അവരുടെ ത്യാഗങ്ങൾ സഹായിച്ചു. പല മുതിർന്ന കലാകാരന്മാരും നേരിടുന്ന വെല്ലുവിളികൾ തങ്ങൾ നേരിട്ട് കണ്ടിട്ടുണ്ട്. മുത്തൂറ്റ് സ്നേഹസമ്മാനം വഴി ചെറിയ തോതിലെങ്കിലും അവരെ സഹായിക്കാനാണു ശ്രമിക്കുന്നത്. നമ്മുടെ സാംസ്ക്കാരിക പഴമയെ ഭാവിയിലേക്കായി മുന്നോട്ടു കൊണ്ടു പോകാനുള്ള പ്രതിബദ്ധതയാണ് ഇവിടെ ദൃശ്യമാകുന്നത്.

കലയ്ക്കു വേണ്ടി ജീവിതകാലം മുഴുവൻ ഉഴിഞ്ഞു വെച്ചവർക്ക് മികച്ച ജീവിത സാഹചര്യങ്ങൾ ഉറപ്പാക്കാനായുള്ള തങ്ങളുടെ പിന്തുണയാണ് ഈ ഗ്രാൻറെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരളത്തിലെ കലാ പാരമ്പര്യത്തെ സംരക്ഷിക്കാൻ മുത്തൂറ്റ് ഫിനാൻസിനുള്ള പ്രതിബദ്ധതയുടെ യഥാർത്ഥ്യ സാക്ഷ്യപത്രമാണിതെന്ന് കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഓഫ് ആർട്ട് ആൻഡ് കൾച്ചർ മുൻ വൈസ് ചാൻസലർ പി. എൻ. സുരേഷ് പറഞ്ഞു.

കല എന്നത് സമൂഹത്തിൻറെ ആത്മാവും കലാകാരന്മാർ സംസ്ക്കാരവും പാരമ്പര്യവും കാത്തു സൂക്ഷിക്കുന്നവരുമാണ്. കലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച പല മുതിർന്ന കലാകാരന്മാരും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. മുത്തൂറ്റ് സ്നേഹസമ്മാനത്തിൽ നിന്നുള്ള ഈ പിന്തുണ മികച്ച കലാകാരന്മാ ർക്ക് മികച്ച സാഹചര്യങ്ങൾ ഉറപ്പാക്കുകയും വരുന്ന തലമുറയെ പ്രചോദിപ്പിക്കുകയും ചെയ്യും. സാംസ്ക്കാരിക രംഗത്തുള്ളവരെ അംഗീകരിക്കുകയും തങ്ങൾ മനസിലാക്കുകയും ചെയ്യുന്നു. മുത്തൂറ്റ് ഫിനാൻസ് തുടരുന്ന പ്രതിബദ്ധതയാണ് ഇതിലൂടെ തെളിഞ്ഞു കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# സിക്സ് സിഗ്മ എക്സലൻസ് പുരസ്കാരം ആസ്റ്റർ വുമൺ ആൻഡ് ചിൽഡ്രൻ ആശുപത്രിക്ക്

**കോട്ടക്കൽ:** ഇക്കൊല്ലത്തെ സിക്സ് സിഗ്മ എക്സലൻസ് അവാർഡ് സ്വന്തമാക്കി ആസ്റ്റർ വുമൺ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റൽ. ഏറ്റവും മികച്ച ഗൈനക്കോളജി സെന്റർ എന്ന വിഭാഗത്തിനാണ് രാജ്യത്തൊട്ടാകെ ശ്രദ്ധേയമായ പുരസ്കാരലബ്ധി. ഡൽഹിയിൽ നടന്ന സിക്സ് സിഗ്മ ലീഡർഷിപ്പ് ആൻഡ് അവാർഡ്സ് ഉച്ചകോടിയിൽ വെച്ചായിരുന്നു പുരസ്കാരപ്രഖ്യാപനവും വിതരണവും.

ക്വാളിറ്റി ആൻഡ് റേഡിയോളജി വിഭാഗം മേധാവി ഡോ. ആവണി കെപി സ്കന്ദനും ക്വാളിറ്റി ആൻഡ് ക്ലിനിക്കൽ ഓപ്പറേഷൻസ് അസിസ്റ്റന്റ് മാനേജർ ഷംസീറും പുരസ്കാരം ഏറ്റുവാങ്ങി. സ്ത്രീകൾക്ക് ആവശ്യമായ ഉന്നതനിലവാരമുള്ള സമഗ്രചികിത്സയ്ക്ക് മുൻതൂക്കം നൽകുന്നതിൽ ആശുപത്രി പ്രകടിപ്പിക്കുന്ന മികവാണ് അവാർഡിന് അർഹമാക്കിയതെന്ന് ആശൂപത്രി അധികൃതർ വ്യക്തമാക്കി.സ്ത്രീകൾക്കായി പ്രത്യേകം മികച്ച ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്. അത്യാധുനിക സൗകര്യങ്ങളടങ്ങിയ ആശുപത്രിയിൽ സ്ത്രീകൾക്കായി പ്രത്യേക ചികിത്സാ പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ആസ്റ്റർ നർച്ചർ, പാരന്റ് കണക്ട് എന്നിവ അവയിൽ ചിലതാണ്. സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ പൊതുപ്രവർത്തകരെ ഉൾക്കൊള്ളിച്ചു കൊണ്ട് നിരവധി പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഇതിനായി സോഷ്യൽ മീഡിയയും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രകൃതിസൗഹൃദവും സുസ്ഥിരവുമായ പ്രവർത്തനശൈലി പിന്തുടർന്നുകൊണ്ട് തത്സമയ ശിൽപശാലകൾ സംഘടിപ്പിക്കുകയും ബോധവത്കരണത്തിനായി പ്രത്യേക ബുക്ലെറ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ആശുപത്രിയിലെത്തുന്ന കുട്ടികൾക്കായി പ്രത്യേക കളിസ്ഥലവും ഒരുക്കിയിട്ടുണ്ട്. 2021ൽ വുമൺ ഹെൽത്ത് ബ്രാൻഡ് വിഭാഗത്തിൽ കഌ അവാർഡ്സിന് ആസ്റ്റർ വുമൺ ആൻഡ് ചിൽഡ്രൻ ആശുപത്രി അർഹമായിരുന്നു. 2023ൽ നടന്ന ഒമ്പതാമത് അന്താരാഷ്ട്ര പേഷ്യന്റ് സേഫ്റ്റി പുരസ്കാരവും സ്വന്തമാക്കി. സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സയിൽ വിട്ടുവീഴ്ചയില്ലാത്ത ശ്രദ്ധയും പരിഗണനയും നൽകുന്നതിനുള്ള അംഗീകാരങ്ങളാണ് ഇവയെല്ലാമെന്ന് കോട്ടക്കൽ ആസ്റ്റർ വുമൺ ആൻഡ് ചിൽഡ്രൻ ആശുപത്രിയിലെ ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ഹരി പി.എസ് പറഞ്ഞു.

# ആയിരം കോടി മുതൽമുടക്കിൽ മൾട്ടിസൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ബംഗളൂരുവിൽ

**കൊച്ചി:** 1000 കോടി മുതൽമുടക്കിൽ ജാപ്പനീസ് ഭീമന്മാരായ ടൊയോട്ട ട്സുഷോയും സീകോമും ഇന്ത്യയിൽ സ്ഥാപിക്കുന്ന രണ്ടാമത്തെ മൾട്ടിസൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ബെംഗളൂരുവിൽ. 100% നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ (എഫ്ഡിഐ) സ്ഥാപിച്ച ആദ്യത്തെ ആശുപത്രിയായ ബെംഗളൂരുവിലെ സക്ര വേൾഡ് ഹോസ്പിറ്റലിന്റെ പ്ത്താം വാർഷിക വേളയിലാണ് പ്രഖ്യാപനം. രണ്ടാമത്തെ സക്ര വേൾഡ് ഹോസ്പിറ്റലിന് ആദ്യഘട്ടത്തിൽ 500 ബെഡ് ശേഷിയുണ്ടാകുമെന്നും 2026 അവസാനത്തോടെ നിർമാണം പൂർത്തിയായി പ്രവർത്തനമാരംഭിക്കുമെന്നും സീകോം എക്സിക്യൂട്ടീവ് ഡയറക്ടർ ടത്സൂരോ ഫുസെ, ടൊയോട്ടോ ട്സുഷോ ജിവിഷൻ സിഇഒ ഹിറോഷി യോനെനഗ, സക്ര വേൾഡ് ഹോസ്പിറ്റൽ ബെംഗളൂരു എംഡി യുയിചി നഗാനോ, ഗ്രൂപ്പ് സിഒഒ ലവ്കേശ് ഫസു എന്നിവർ ബെംഗളുരുവിൽ പറഞ്ഞു.6 ലക്ഷം ചതുരശ്ര അടിയിൽ ബെംഗളൂരുവിലെ ബനാസ് വാഡിയിൽ നിർമിക്കുന്ന രണ്ടാമത്തെ സക്ര വേൾഡ് ഹോസ്പിറ്റലിൽ ആധുനിക വൈദ്യശാസ്ത്ര രംഗത്തെ ഏറ്റവും നൂതനമായ രോഗനിർണയ, ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുമെന്നും ടത്സൂരോ ഫൂസെ പറഞ്ഞു. രണ്ടാം ഘട്ട വികസനത്തിൽ ആശുപത്രിയുടെ ശേഷി 1000 ബെഡാക്കും.





# എലിമിനേറ്ററിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ വീഴ്ത്തി ഡൽഹി തൂഫാൻസ്

ചെന്നൈ: റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23ൽ കാലിക്കറ്റ് ഹീറോസ് ഡൽഹി തൂഫാൻസ് ഫൈനൽ.

ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന എലിമിനേറ്റർ മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ അഞ്ച് സെറ്റ് ത്രില്ലറിൽ കീഴടക്കിയാണ് നവാഗതരായ ഡൽഹി ഫൈനലിൽ കടന്നത്. സ്കോർ: സ്കോർ: 15 9, 10 15, 10 15, 15 12 , 1715. ലാസർ ഡോഡിച്ച് ആണ് കളിയിലെ താരം.

നാളെ വൈകിട്ട് 6.30നാണ് ഫൈനൽ. കാലിക്കറ്റ് സൂപ്പർ ഫൈവിലെ ഒന്നാംസ്ഥാനക്കാരായാണ് ഫൈനലിൽ കടന്നത്.

അമലിന്റെ സൂപ്പർ സെർവിലൂടെ കരുത്തുറ്റ തുടക്കമാണ് ഡൽഹിക്ക് കിട്ടിയത്. മാക്സ് സെനിക്ക, അംഗമുത്തു എന്നിവരുടെ പിഴവുകൾ അഹമ്മദാബാദിന് വിനയായി. സഖ്ലയിൻ സന്തോഷിന് ആക്രമണത്തിന് അവസരമൊരുക്കികൊണ്ടിരുന്നു. ഇതിനിടെ സൂപ്പർ പോയിന്റിൽ ഡൽഹി തുടക്കത്തിലേ ലീഡ് കുറിച്ചു. രണ്ടാം സെറ്റിൽ തുടർച്ചയായ മികച്ച ബ്ലോക്കുകൾ കൊണ്ട് എൽ എം മനോജ് അഹമ്മദാബാദിന് തിരിച്ചുവരാനുള്ള വഴിയൊരുക്കി.

ആയുഷ് ഡൽഹിക്കായി പോയിന്റുകൾ നേടികൊണ്ടിരുന്നു. എന്നാൽ സന്തോഷിന്റെ ലക്ഷ്യബോധമില്ലായ്മ അഹമ്മദബാദിന് മത്സരത്തിലേക്ക് തിരിച്ചുവരാൻ അവസരമൊരുക്കി. ആയുഷ് ആ ഘട്ടത്തിലും ഡൽഹിക്കായി നിർണായക പോയിന്റുകൾ നേടിക്കൊണ്ടിരുന്നു. ഇതിനിടെ ഷോൺ ടി ജോൺ അഹമ്മദാബാദിന്റെ ആക്രമണനിരയ്ക്ക് ഊർജം പകർന്നു. പന്ത് ഏറ്റുവാങ്ങുന്നതിൽ സന്തോഷിന് പിഴവുപറ്റി. ശിഖർ സിങ് തകർപ്പൻ കളി പുറത്തെടുത്തതോടെ അഹമ്മദാബാദ് 2 1ന്റെ ലീഡ് നേടി. നാലാം സെറ്റിൽ ഡാനിയൽ അപോൺസ താളം കണ്ടെത്തിയതോടെ കളി ഉണർന്നു. തകർപ്പൻ ബ്ലോക്ക് കൊണ്ട് ഡൽഹിയെ അഞ്ചാം സെറ്റിലേക്ക് നയിച്ചു.

പ്രതിരോധത്തിലെ മികവ് കൊണ്ട് ഇരു ടീമുകളും ഒപ്പത്തിനൊപ്പം പോരാടുകയായിരുന്നു അഞ്ചാം സെറ്റി. രോഹിതും ലാസറും അഹമ്മദാബാദ് പ്രതിരോധത്തിലെ വിടവുകൾ മനസിലാക്കി ഷോട്ട് തൊടുത്തു. ഡൽഹിക്ക് അത് ഗുണകരമായി. സെനിക്കയും അംഗമത്തുവും ഡൽഹി പ്രതിരോധത്തെ പരീക്ഷിക്കാൻ തുടങ്ങിയതോടെ കളി ആവേശകരമായി. സന്തോഷിന്റെ കരുത്തുറ്റ സ്മാഷും ശിഖർ സിങ്ങിന്റെ ലക്ഷ്യം തെറ്റിയ സ്പൈക്കും ഡൽഹിക്ക് മിന്നുന്ന ജയമൊരുക്കി.

# ചൂട് കഠിനം; റബർ ഉത്പാദനത്തിൽ 40 ശതമാനംവരെ കുറവ്

വടക്കഞ്ചേരി: ചൂടു കൂടി പാൽ കുറഞ്ഞതോടെ തോട്ടങ്ങളിൽ റബർ ടാപ്പിംഗ് നിർത്തി. ഇനി മൂന്ന് മാസത്തിലേറെ കാലം റബർ കർഷകർക്ക് ഒട്ടും വരുമാനമില്ലാത്ത കാലം. ടാപ്പിംഗ് തൊഴിലാളികൾക്കും മറ്റു തൊഴിലുകൾ തേടണം. മീനമാസം കത്തി എരിയുകയാണ്. മുമ്പൊക്കെ ഇത്രയും ചൂട് ഉയർന്നാൽ രണ്ടോ മൂന്നോ നല്ല വേനൽ മഴ ഉറപ്പായിരുന്നു. എന്നാൽ ഇക്കുറി അത് ഉണ്ടാകുന്നില്ലെന്ന് കർഷകർ പറയുന്നു. പൊരിവെയിലിൽ ഉണക്കുകൂടി കാർഷിക മേഖലയ്ക്ക് അത് വലിയ ആഘാതമാകും.

പ്രതീക്ഷക്കൊത്ത് വരുമാനം ഇല്ലാതിരുന്ന സീസണാണ് വിട വാങ്ങുന്നതെന്ന് റബർ കർഷകർ പറയുന്നു. ഉത്പാദന കുറവിലും വിലയില്ലാത്ത സ്ഥിതിയാണ് കടന്നുപോയത്. ടാപ്പിംഗ് നടത്തിയാൽ പകുതി ഷീറ്റ് പോലും ഇപ്പോൾ ലഭിക്കുന്നില്ലെന്ന് കൊന്നക്കൽകടവിലെ കെഎസ്എം എസ്റ്റേറ്റ് സൂപ്രണ്ട് കുര്യാക്കോസ് പറഞ്ഞു. ഇക്കുറി 30 ശതമാനം മുതൽ 40 ശതമാനം വരെ റബർ ഉത്പാദനത്തിൽ കുറവ് ഉണ്ടായതായി എളവമ്പാടം മാതൃകാ റബർ ഉത്പാദക സംഘം പ്രസിഡൻറ് പി.വി. ബാബുവും പറഞ്ഞു.

മലയോര മേഖലയ്ക്ക് ഇത് കനത്ത പ്രഹരമാണ്. സീസണിലെ വരുമാനം കൊണ്ടാണ് ഒരു വർഷത്തെ കുടുംബ ബജറ്റുകൾ തയാറാക്കുന്നത്. വരുമാന കുറവ് തുടർന്നുള്ള മാസങ്ങളിലെ റബർ കർഷക കുടുംബങ്ങളുടെ ജീവിതനിലവാരത്തേയും ഏറെ ദോഷകരമായി ബാധിക്കും. ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പ് കുറഞ്ഞതും റബർ ഉത്പാദനത്തിന് തിരിച്ചടിയായി. കാലാവസ്ഥാ വ്യതിയാനത്തിൽ റബർ കർഷകരുടെ പ്രതീക്ഷകളും കണക്കുകൂട്ടലുകളും തകിടം മറിച്ചു.

അന്താരാഷ്ട്ര വിപണിയിൽ വില ഉയർന്നു നിൽക്കുന്നതിനാൽ റബർ വില ഇനിയും കൂടാനാണ് സാധ്യത. എന്നാൽ ഈ വില വർധനവിൻറെ ഗുണം ചൂട് മൂലം ടാപ്പിംഗ് നിർത്തിവെക്കേണ്ടി വന്ന കർഷകർക്ക് ലഭിക്കില്ല. കുറഞ്ഞ വിലയ്ക്ക് റബർ ഷീറ്റ് വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുള്ള വ്യാപാരികൾക്കും വൻകിടക്കാർക്കും വിലവർധന ഗുണമാകും.

# സ്വർണവില വീണ്ടും സർവകാല റിക്കാർഡിൽ; പവന് 48,640 രൂപ

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവില വീണ്ടും സർവകാല റിക്കാർഡിൽ. ഇന്നലെ ഗ്രാമിന് 45 രൂപയും പവന് 360 രൂപയുമാണ് വർധിച്ചത്. ഇതോടെ ഗ്രാമിന് 6,080 രൂപയും പവന് 48,640 രൂപയുമായി.

കേരളത്തിൽ ഇതുവരെയുള്ളതിൽ എറ്റവും ഉയർന്ന വിലയിലാണു വ്യാപാരം നടക്കുന്നത്.

കഴിഞ്ഞ ഒമ്പതിലെ ഗ്രാമിന് 6,075 രൂപ, പവന് 48,600 രൂപ എന്ന സർവകാല റിക്കാർഡാണ് ഇന്നലെ ഭേദിക്കപ്പെട്ടത്.

കഴിഞ്ഞ അഞ്ചിനു പവന് 560 രൂപ വർധിച്ച് 47,560 രൂപയിൽ എത്തിയിരുന്നു. കഴിഞ്ഞ ഒമ്പതിന് ഈ റിക്കാർഡ് വീണ്ടും തിരുത്തി സ്വർണവില വീണ്ടും ഉയർന്നു. അന്ന് പവന് 400 രൂപ വർധിച്ച് 48,600 രൂപയിൽ എത്തി.

അന്താരാഷ്ട്ര സ്വർണവില 2200 ഡോളർ മറികടന്ന് 2300 ഡോളറിലേക്ക് എത്തുമെന്നുള്ള ഊഹാപോഹങ്ങൾ വൻതോതിൽ നിക്ഷേപകതാത്പര്യം കാട്ടുന്നതാണ് ഇപ്പോഴത്തെ വിലവർധനവിനു കാരണം. അമേരിക്കൻ ഫെഡറൽ റിസർവിൻറെ നിർണായക യോഗം ഇന്നാണ്.

പലിശനിരക്ക് എന്നു കുറയ്ക്കുമെന്നതു സംബന്ധിച്ച വിവരം ഇന്നു പ്രഖ്യാപിച്ചേക്കുമെന്നാണ് സൂചന. വില വർധിച്ചതോടെ സ്വർണം വാങ്ങാൻ ആളുകൾ കുറഞ്ഞെങ്കിലും പഴയ സ്വർണം വിൽക്കാനെത്തുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com